തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ&ബി) കേരള പഞ്ചായത്ത് രാജ് ആക്ടിലേയോ കെട്ടിടനിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 15-10-1999-ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള കെട്ടിടങ്ങളെ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുവാൻ 1999-ലെ കേരള ബിൽഡിംഗ് (റഗുലേഷൻ ഓഫ് അൺ ആതറൈസ്ഡ് കൺസ്ട്രക്ഷൻ ആന്റ് ലാന്റ് ഡെവലപ്മെന്റ്) ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള 6615/2000 നമ്പർ ഒ.പി.യിലെ വിധി തീർപ്പിന് കൂടി വിധേയമായിട്ടാണ് ഇപ്രകാരം ക്രമവൽക്കരണം നടത്തുന്നത്.

(സി) നിയമം ലംഘിച്ച് 15-10-1999-ന് ശേഷം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നിയമസാധുത നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. അതേസമയം അനധികൃതമായി നിർമ്മിച്ചതും വാസഗൃഹമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിനും വെള്ളം, വൈദ്യുതി, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിനും മാത്രമായി ഒരു താൽക്കാലിക നമ്പർ നൽകുവാൻ 15-01-2003-ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ കീടനാശിനി തളിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ

30 (*553) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി തളിച്ചതിന്റെ ഫലമായി പ്രസ്തുത പ്രദേശത്തെ ജനങ്ങളിൽ വ്യാപകമായി ബാധിച്ചിട്ടുള്ള വളർച്ചക്കുറവ്, ബുദ്ധിമാന്ദ്യം തുടങ്ങിയ അപൂർവ്വ രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗികളുടെ ചികിത്സക്കായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) വളരെ ഗൗരവമായ ആരോഗ്യപ്രശ്നമെന്ന നിലയിൽ പ്രസ്തുത രോഗികളുടെ വിദഗ്ദ്ധ ചികിത്സക്കായി ഗവൺമെന്റ് എന്തെങ്കിലും അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത രോഗങ്ങൾക്ക് എൻഡോസൾഫാൻ കീടനാശിനി പ്രയോഗവുമായി ബന്ധമുള്ളതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരാതിയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തി രോഗബാധിതരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തി രോഗനിർണ്ണയവും ചികിത്സയും നടത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങൾ, നിവാരണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുവാൻ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ഏരിയൽ സ്പ്രേ ഈ പ്രദേശങ്ങളിൽ നിർത്തി വയ്ക്കുവാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭ സബ്കമ്മിറ്റികളും ഉപസമിതികളും

1 (2952) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിസഭ സബ്കമ്മിറ്റികളും ഉപസമിതികളും രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും ഓരോ സമിതികളും കമ്മിറ്റികളും എത്ര പ്രാവശ്യം എവിടെവച്ചെല്ലാം യോഗം ചേർന്നെന്നും വിശദമാക്കാമോ ;

(സി) റിപ്പോർട്ടുകൾ സമർപ്പിച്ച ഉപസമിതികളുടെയും സബ് കമ്മിറ്റികളുടെയും റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) ഓരോ കമ്മിറ്റികളിലും ഏതൊക്കെ മന്ത്രിമാരാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) മന്ത്രിസഭ ഉപസമിതികൾ മന്ത്രിസഭയെ സഹായിക്കുന്നതിനു വേണ്ടി മന്ത്രിസഭ നിയോഗിക്കുന്നതായതിനാൽ അവയുടെ പ്രവർത്തനത്തിന്റെ വിശദാംശം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

കേന്ദ്രഗവൺമെന്റിന്റെ വിവിധ പദ്ധതികളെപ്പറ്റി അറിയുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള സംവിധാനം

2 (2953) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതാതുകാലത്തുള്ള കേന്ദ്രഗവൺമെന്റിന്റെ വിവിധ പദ്ധതികളെപ്പറ്റി അറിയുവാനും അതിൽനിന്ന് പരമാവധി പ്രയോജനം ഉണ്ടാക്കുവാനും സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly